# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം നിറവേറ്റാനായി നമ്മുടെ വിദ്യാലയങ്ങളെ മാറ്റിയെടുക്കണം. അതിനായി വിദ്യാലയ സമൂഹവും, അധ്യാപകരും, വിദ്യാഭ്യാസ സംവിധാനങ്ങളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കണം.

2025-26 അധ്യയന വർഷത്തിൽ വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും തുല്യതയും ഗുണനിലവാരവുമുള്ള സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിന് വേണ്ട കർമ്മ പദ്ധതിയുടെ രൂപ രേഖയാണിത്.

എല്ലാ വിദ്യാഭ്യാസ പദ്ധതികളേയും ഉത്സാഹത്തോടെയും അഭിമാനത്തോടെയും ഏറ്റെടുക്കുന്ന കോരങ്ങാട് ജി.എൽ.പി സ്കൂളിലെ അധ്യാപകർ, സജീവമായ PTA, SMC MPTA, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവർ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരും എന്ന ദൃഢനിശ്ചയത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കിയ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന് മികച്ച വഴികാട്ടിയാകുമെന്നുറപ്പാണ്.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ജി.എൽ.പി.എസ് കോരങ്ങാട് |
| മേൽവിലാസം | : താമരശ്ശേരി, കോഴിക്കോട് |
| ഫോൺ | : 0495 2223212. |
| സ്കൂൾ കോഡ് | : 47407 |
| വിദ്യാഭ്യാസ ഉപജില്ല | : താമരശ്ശേരി. |
| റവന്യൂ ജില്ല | : കോഴിക്കോട് |
| ബി ആർ സി | : കൊടുവള്ളി |
| ഗ്രാമ പഞ്ചായത്ത് | : താമരശ്ശേരി |
| ബ്ലോക്ക് പഞ്ചായത്ത് | : കൊടുവള്ളി. |
| ജില്ലാ പഞ്ചായത്ത് | : കോഴിക്കോട് |
| നിയമ സഭാ മണ്ഡലം | : കൊടുവള്ളി. |
| ലോക സഭാ മണ്ഡലം | : കോഴിക്കോട് |
| താലൂക്ക് | : താമരശ്ശേരി |
| വില്ലേജ് | : രാരോത്ത് |
| ഇ.മെയിൽ വിലാസം | : Korangad glps@gmail.com. |
| സ്കൂൾ വിക്കി | : glpschoolkorangad.blogspot.com. |

# 'വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

* 1 മുതൽ 4 വരെ ക്ലാസുകളിലെ എല്ലാകുട്ടികളും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ആശയങ്ങളും ധാരണകളും, ശേഷികളും, മനോഭാവങ്ങളും മൂല്യങ്ങളും ഏറ്റവും ഉയർന്ന തലത്തിൽ ആർജ്ജിക്കാനവസരം ഒരുക്കുക.

* പാരിസ്ഥിതികാവബോധത്തോടെയുള്ള ജീവിതവും വികസന സങ്കൽപ്പങ്ങളും രൂപപ്പെടുത്തുന്നതിനുള്ള മനോഭാവം ഉണ്ടാക്കൽ

* മാനവികത, സ്നേഹം, കരുണ, വ്യക്തിശുചിത്വം, സാമൂഹിക ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ.

* പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവതാല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്നതിനുള്ള വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ.

* കുട്ടികളുടെ മാനസികവും ശാരീരികവുമായ പ്രയാസങ്ങൾ തത്സമയം പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉറപ്പാക്കുക.

* പഠനവും ബോധനവും ഏറ്റവും ആസ്വാദ്യകരമാക്കി മാറ്റുക

* ആധുനിക സങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പാക്കുക.

* വിദ്യാലയത്തിന്റെ സമസ്ത മേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുക.

## പൊതു ലക്ഷ്യങ്ങൾ.

* സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ ലഭിച്ചു എന്ന് ഉറപ്പാക്കുക.
* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.
* ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുക.
* വായന ഒരു സംസ്കാരമായി രൂപപ്പെടുത്താനാവശ്യമായ പ്രവർത്തനങ്ങളൊരുക്കുക.
* ആധുനിക സാങ്കേതിക വിദ്യകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കുക.
* വൈവിധ്യങ്ങളുടെ കലവറയായി സ്കൂളിനെ മാറ്റുക
* മാലിന്യമുക്ത വിദ്യാലയം ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് ഇടങ്ങിയവ കൃത്യമായി നടപ്പാക്കുക.
* വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.
* ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവക്കെതിരെ മുൻകരുതൽ എടുക്കുക.
* സ്കൂൾ ലൈബ്രറികൾ, ലാബുകൾ എന്നിവ ആധുനികവൽക്കരിച്ച് പഠന പ്രക്രിയയുടെ ഭാഗമാക്കുക.

പ്രീ-പ്രൈമറി ഒന്ന്, രണ്ട്, മൂന്ന്, നാല് ക്ലാസുകളിലെ കുട്ടികളുടെ എണ്ണം.

| Class. | കുട്ടികൾ | | |
|---|---|---|---|
| | Boys | Girls | Total. |
| LKG | 13 | 11 | 24 |
| UKG. | 7 | 9 | 16 |
| 1st standard | 16 | 19 | 35 |
| 2nd standard | 29 | 34 | 63 |
| 3rd standard | 19 | 25 | 44 |
| 4th standard | 24 | 22 | 46. |
| Total. | | | |

# ചുമതലകൾ

| ചുമതലകൾ | അധ്യാപകരുടെ പേര് |
| --- | --- |
| സീനിയർ അസിസ്റ്റന്റ് | രമ പുലാത്തൊട്ടത്തിൽ |
| സ്റ്റാഫ് സെക്രട്ടറി | സുബൈദ |
| എസ്. ആർ. ജി കൺവീനർ. | രജനി. കെ. കെ. |
| ലൈബ്രറി. | സുബൈദ. |
| ഉച്ചഭക്ഷണം | രമ, രജനി. |
| ജാഗ്രതാ സമിതി | അൻസില. |
| സഞ്ചയിക | നിസ, ശ്രുതി. |
| പി.എസ്. ഐ.ടി. സി. | ശ്രുതി. |
| ഡോക്യുമെന്റേഷൻ. | അനുരൂപ. |
| കലാമേള | രജനി. സുബൈദ. |
| കായിക മേള | രമ |
| ശാസ്ത്രമേള | ധന്യശ്രീ, ശ്രുതി |
| IEDC | അനുരൂപ. |
| എനർജി ക്ലബ്ബ് | അനുരൂപ. |
| പബ്ലിസിറ്റി | അൻസില. |
| ടാലന്റ് ലാബ് | രജനി. കെ. കെ. |

# ക്ലബ്ബുകളും ചുമതലകളും.

| ക്ലബ്ബുകൾ | ചുമതലകൾ |
|---|---|
| സയൻസ് ക്ലബ്ബ് | ധന്യശ്രീ. |
| ഗണിത ക്ലബ്ബ് | നിസ. |
| സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | രജനി. |
| അറബി ക്ലബ്ബ് | സുബൈദ |
| ഇംഗ്ലീഷ് ക്ലബ്ബ് | ശ്രുതി. |
| വിദ്യാരംഗം ക്ലബ്ബ് | ലൈല. |

## ആമുഖം:-

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക-മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ വികാസം പരിഗണിച്ചാണ് സ്കൂൾതല മാസ്റ്റർപ്ലാൻ തയാറാക്കുന്നത്.

ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് എല്ലാ കുട്ടികളെയും അർത്ഥം പൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക എന്നതാണ് പ്രധാന ലക്ഷ്യം.

കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

ഭാഷാപഠനത്തിൽ ഓരോ കുട്ടിക്കും ആവശ്യമായ പിന്തുണ ഉറപ്പു വരുത്തുന്നതോടൊപ്പം, ഭിന്നശേഷിക്കാരെ പ്രത്യേകം പരിഗണിച്ചുകൊണ്ടുള്ള പദ്ധതിക്കാണ് മുൻതൂക്കം നൽകുന്നത്.

# ഭാഷാവികസനം

**ലക്ഷ്യങ്ങൾ:-**

* എല്ലാ കുട്ടികളേയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
* എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയ വിനിമയ ശേഷി നേടിയെന്ന് ഉറപ്പ് വരുത്തുക.
* കുട്ടികളിൽ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക.
* ഭാഷാ പഠനത്തിൽ ഓരോ കുട്ടിക്കും ആവശ്യമായ പിന്തുണ ഉറപ്പ് വരുത്തുക.
* ഭിന്നശേഷിക്കാർക്ക് പ്രത്യേക പ്രവർത്തന പാക്കേജ്.
* കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുകയും കുട്ടിയെ മികച്ച എഴുത്തുകാരനാക്കുകയും ചെയ്യുക.
* സർഗാത്മക കഴിവുകൾ വളർത്തുകയും സ്വതന്ത്ര രചനയ്ക്കുള്ള അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
* ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
* ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
* മികച്ച വായനാശീലം വളർത്തുക.

## പ്രവർത്തന പദ്ധതികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | ക്ലാസ്സിലെ വായനാക്കൂട്ടം, വായനോത്സവം, പത്രവായന, ക്ലാസ് ലൈബ്രറി, വായനാക്കുറിപ്പ് വിവരണം, ആസ്വാദനക്കുറിപ്പ്, ഇ-വായന. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ പി.ടി.എ എസ്.ആർ.ജി. |
| എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ തരത്തിലുള്ള ഭാഷാ വിനിമയശേഷി നേടി എന്ന് ഉറപ്പ് വരുത്തുക. | വിദ്യാലയ വിശേഷങ്ങൾ, ക്ലാസിലെ വിവരങ്ങൾ എന്നിവ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ. അധ്യാപകർ തയാറാക്കിയ വ്യവഹാര രൂപങ്ങളെ മാറ്റി എഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ വിവിധ ക്ലബ്ബുക |

| | | | |
|---|---|---|---|
| കുട്ടിയെ മികച്ച എഴുത്തുകാര-നാക്കുക. | വായിച്ച പുസ്തകങ്ങളെക്കുറി-ച്ചുള്ള വായനാക്കുറിപ്പ്, (ചെറിയ ക്ലാസിൽ വായന കാർഡ്) ചിത്രം നൽകി രചനകൾ നടത്തൽ (രചനോത്സവം) സംയുക്ത സചിത്ര ഡയറി, സർഗാത്മക ഡയറി. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ. |
| സർഗാത്മക കഴിവുകൾ വളർത്തു-കയും, സ്വതന്ത്ര രചനയ്ക്കുള്ള അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക. | കുട്ടികളുടെ രചനകൾ പ്രസിദ്ധീക-രിക്കുക (ചുമർ ചിത്രം, കയ്യെഴു-ത്ത് മാസിക) ആസ്വാദനക്കുറിപ്പ്, പാട്ടരങ്ങ്, ഡിബേറ്റ്സ് [illegible]. | ഓരോ ടേമിലും | വിദ്യാരംഗം. ഭാഷാ ക്ലബ്. ക്ലാസ് ടീച്ചർ. |

| | | | |
|---|---|---|---|
| കുട്ടികളിൽ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക. | മലയാളത്തിളക്കം. അക്ഷരജ്യോതി അക്ഷരമുറപ്പിക്കൽ, ചിത്രം ഉറപ്പിക്കൽ, അക്ഷര കാർഡ് നൽകൽ, അക്ഷരകലണ്ടർ, കഥയുടെ തുടർച്ച, കഥാപാത്രങ്ങളുടെ ചിത്രം വരയ്ക്കൽ. പദങ്ങൾ മാറ്റം, ചിത്രം നോക്കി കഥ പറയൽ | ജൂൺ മുതൽ ഒക്ടോബർ വരെ | BRC പി.ടി.എ എസ്.ആർ.ജി സ്പെഷൽ എഡ്യൂക്കേറ്റർ. |
| കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തൽ. | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. (ആഴ്ചയിൽ ഒരു ദിവസം) | ജൂൺ 19 മുതൽ ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | സ്കൂൾ ലൈബ്രറി ക്ലാസ് ടീച്ചർ. |

| | | | |
|---|---|---|---|
| വിശാല വായനാശീലം വളർത്തുക. | അമ്മവായന, പത്രവായന ഓരോ ക്ലാസിലും വായന. മൂലകൾ, സ്കൂൾ ലൈബ്രറി സജീവമാക്കൽ, വായനോത്സവം, വായനാക്കുറിപ്പ്, ഇ. വായന. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ സ്കൂൾ ലൈബ്രറി |
| ഭിന്നശേഷിക്കാർക്ക് പ്രത്യേക പ്രവർത്തന പാക്കേജ്. | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി തയാറാക്കിയ വായന, ലേഖന സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ. ചിത്രം നോക്കി അക്ഷരങ്ങൾ തിരിച്ചറിയാൻ സഹായിക്കുന്ന പ്രവർത്തനങ്ങൾ. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ പി.ടി.എ. സ്പെഷൽ അധ്യാപകർ |

# Academic Master Plan....

## English

As an international language English plays a vital role in our day life. It is a linking tool between nations and cultures.

To compete in the educational, business and employment fields, we have to make the best use of English. Considering all these fields. English has been introduced from 1 std itfelf our State curriculum. child oriented pedagogy and the continuous in service training for teachers brought considerable change in the area of language acquisition.

Inspite of these, children are unable to communicate well in real life situations they have to over present ideas in English in various situations. So they have to overcome these problems. For this, we have to introduce attractive programmes which goes beyond the text book.

## Issues:-

Children cannot communicate in English with confidence. They have'nt got sufficient experience in the usage of language. They are not able to comprehend English text well. children find it difficult to produce language in written forms without mistake. They are also poor in vocabulary. They fail in enjoying creative works. They seldom come up wise literary works.

## Reasons

→ Sufficient reading materials are not available to them.

→ Accebility to literary works is limited. Especially for children from poor back-ground.

## Aims

* Improving level of language learning.
* To improve Vocabulary.
* To Improve grammar
* Developing communicative skills.
* Learning in a method thats child friendly and child - centered through activitied, findings and exploration.

# Problem Analysis

**Area :-** Academic

**Issue :-** Learners haven't acquired the required curriculum objectives.

| Reasons | Remedial Measures | Activities |
|---|---|---|
| Learner<br>1. Lack of interest<br>2. Lack of exposure.<br>Teacher<br>1. Lack of time in implementing creative activities in class room<br>2. cannot address different level of learners.<br>3. Teachers are compelled to finish immediate tasks.<br>System<br>only syllabus oriented transaction of objectives.<br>Parent<br>Lack of learning atmosphere at home<br>Lack of awareness. | 1. Conducting a pre-test to assess the level of learner.<br>2. Develop a project to enhance the basic skill of students.<br>3. Planning classroom activities so as to address different level of learners. | Pre-test<br>special module based on orthographic and functional aspects. And conducting a bridge-course.<br>Install a full fledged lab to acquire proficiency. |

Issue :- 3

Lack of real life situations in providing English as a language for communication.

| Reasons | Remedial Measures | Activity |
| --- | --- | --- |
| **Learner**<br>1. Not confident in using English in real life situations<br>2. consider English as an academic subject.<br><br>**Teacher**<br>1. compelled to finish the immediate tasks.<br>2. Slot for real life situation in text books not adequate<br><br>**Systems**<br>Doesn't give room for adequate real life.<br><br>**Parent**<br>Not aware of the importance of exposure to language | 1. Frame various real life situations to promote communication skills in addition to classroom experience | observe English day in School under English club.<br><br>conduct English Assembly once in a month.<br><br>conduct field trips where learners and teachers interact only in English.<br><br>Treasure Hunt. |

# Remedial Programmes in Detail

## Pre test and post test

Evaluation of the learning received during the class as a result of comparing what a student knew before in a pre test and after the class experience in a post test is called pre and post testing. A pre test and post test is used to quantity the knowledge attained in the class. The data will target students requiring extra help and will identify teaching and learning methods that need to be developed.

## Theatre Activities

children are given enough chances to dramatize suitable portions in their lessons and present in the class rooms. All the children get atleast one chance during the transaction of the unit.

## Radio English

children enjoy singeing songs and listening to it. They like stories also. The English club of the school can select children for presenting such item through loud speakers and make children listen to them siting in the classroom.

## English Book Stand

Arrange an attractive book stand in all classrooms accomodating Scuitable books and reading cards prepared by children themselves

## English Assembly

An assembly can be conducted on every Thursdays. children can conduct English skits, role plays, news, thoughts, pledge, prayer, etc on that occasion

## choreography

choreography means the design and arrangement of a ballet or other staged dance, or the sequence of steps and movements in dance. Language comes when the choreography wants someone else to perform the choreography that they has composed.

## Language Lab

Modern Language labs are known by many names, digital language labs, multimedia language labs help to integrate text images, audio and video that fit the learner. The purpose of language lab is to involve students to actively participate in language learning exercise that otherwise not possible in a traditional classroom.

# ICT and process based planning Lessons

RTE 2009 wanted to ensure ICT Enabled and process based teaching learning process in the classroom to ensure that we have to identify learning activities and prepare micro level process based teaching manual.

## English club

Various activities under guidance of English club must try to fill various gaps in language as an instructional tool. The learner must get various aspects of the language like listening, speaking and writing skills. English day conducting English assembly, School radio are some of the vibrant activities that promote language.

| Sl No | Programme | Activities | Duration | Materials | Help |
|---|---|---|---|---|---|
| 1 | pre-test<br>To assess the knowledge attained in the former class | Evaluation of the child's acquired knowledge.<br>measuring a student's ability to retain and recall known facts. | June | Worksheet<br>TB | BRC |
| 2. | post test<br>To assess the knowledge attained after the competition of the bridge course | measuring the student's knowledge attained in the class. | July | Worksheet | BRC |
| 3 | To improve the level of language learning | *Theatre activities children are given chances to dramatize suitable portions | | | |

| Sl.No | Programme | Activities | Duration | Materials | Help |
| --- | --- | --- | --- | --- | --- |
| | | in their lessons<br>* presentation by the children in the classroom<br>* Mask making<br>*characterization<br>* Skit<br>* Dialogues | At the end of unit | chart<br>T.B<br>Story books | |
| 4 | To improve the level of backwards | * Distribute tabs for groups<br>* install letter games<br>* picture reading<br>* colouring pictures<br>* Jumbled letters<br>* Jumbled words<br>* Book stand | All the week ends | computer<br>Tab | |

| Sl No | Programme | Activity | Duration | Materials | Implemented by |
|---|---|---|---|---|---|
| 5. | To the world of reading | Arrange an attractive book stand in all standards<br>* suitable books and reading cards prepared by children<br>* story books<br>* picture stories<br>* quiz<br>* Description<br>* poems, rhymes, songs.<br>* Reading materials<br>* story reading<br>* Reads a story on each day<br>* Summarization of stories<br>* selection of best ones. | | | |

| Sl No | programme | Activity | Duration | materials | Implemented by |
|---|---|---|---|---|---|
| 6 | Radio English | * Enjoying singing songs and listening<br>* story telling<br>* presenting dramas<br>* Recite poems, folk songs<br>* presenting the items through loud speaker<br>* make children sit in the class and listen | Every Fridays From 1.30 - 2.00 pm | Loud speaker in every classrooms | PTA |
| 7. | English Assembly | * conduct English Assembly on every Thursdays<br>* presentation of english prayer<br>* pledge * poems<br>* Thoughts * skits<br>* Role plays * stories etc. | Every Thursdays | | |

| Sl NO | Activity | Programme | Duration | material | Implemented by |
| --- | --- | --- | --- | --- | --- |
| 8 | Language Lab | * Recording audios<br>* Recording videos<br>* playing back the recordings<br>* storing results | once in a week | Audio, video - recording media - player | PTA, BRC |
| 9 | English Book Exhibition | * collect and exhibit english book as stories<br>* songs<br>* Rhymes<br>* Dramas, novels, riddles<br>* Esays, biography<br>* Auto biography, sanchara sahithyam etc.<br>* conduct an exhibition in the school. | | | |

| Sl NO | Activity | Programme | Duration | material | Implemented by |
|---|---|---|---|---|---|
| 10 | craft and origamy | | | | |
| 11 | Game Time | * Word games<br>* puzzles<br>* Naming, etc.<br>* Language games | once in a month | Audio visualaids | |
| 12. | choreography designing and arrangement of a ballet or other staged dance | * Designing a ballet<br>* Designing a staged dance<br>* Designing a sequence of steps<br>* performing the art | on Balasabha | | |
| 13 | picture and caption | * providing pictures<br>* pasting pictures<br>* Selecting the best ones<br>* presenting in the assembly | unit end | Display board<br>chart paper<br>marker | CPTA |

# അക്കാദമിക മാസ്റ്റർ പ്ലാൻ : ഗണിതം.

## ഗണിത പഠനം

### ആമുഖം

നിത്യജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒരു വിഷയമാണ് ഗണിതം. പക്ഷേ പല കുട്ടികളും പേടിയോടെയാണ് ഗണിതത്തെ സമീപിക്കുന്നത്. രസകരമായ പ്രവർത്തനങ്ങളിലൂടെയും കളികളിലൂടെയും ഗണിതാശയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുകയാണ് ഒരു അധ്യാപികയുടെ ഉത്തരവാദിത്വം. ഗണിതത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താതെ ഒരു ദിവസം പോലും കടന്നുപോകുന്നില്ല. ഗണിതശാസ്ത്രപഠനം ചിന്തയെ തെളിമയുള്ളതാക്കുകയും വസ്തുതകളെ ശാസ്ത്രീയമായി അപഗ്രഥിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു. കുട്ടികളിൽ യുക്തിചിന്ത ഉണർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് ഗണിതശാസ്ത്രപഠനത്തിൽ പ്രാധാന്യം നൽകിയിട്ടുള്ളത്.

### ഗണിത പഠന ലക്ഷ്യങ്ങൾ

* ദൈനംദിനപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുക.
* കുട്ടികളുടെ യുക്തിചിന്ത വികസിപ്പിക്കുന്നതിന് ഉപയുക്തമാക്കുക.
* ഗവേഷണ പ്രവർത്തനങ്ങളിൽ താല്പര്യമുണ്ടാക്കുക.
* ഗണിത പഠനത്തിൽ ICT സാധ്യതകൾ ഉപയോഗിക്കാൻ കഴിയുക.
* അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിശദീകരിക്കുന്നതിനും കഴിയുക.
* ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുക.

## ഗണിത ക്ലബ്

- കുട്ടികളിൽ ഗണിതാഭിമുഖ്യം വളർത്തുന്നതിനും ഗണിതം നിത്യജീവിതവുമായി ബന്ധിപ്പിക്കുന്നതിനും എല്ലാ കുട്ടികൾക്കും അവസരം ഉണ്ടാകുന്ന സംവിധാനമാണ് ഗണിതക്ലബ്ബ്
- ഗണിത പ്രോജക്ടുകൾ, ക്വിസ് മത്സരങ്ങൾ എന്നിവ ഇതിന്റെ ഭാഗമായി നടത്തുന്നു.
- ഗണിതത്തിൽ മികച്ചുനിൽക്കുന്ന കുട്ടികളെ ഗണിതമേളകളിൽ പങ്കെടുപ്പിക്കുന്നു.

| SL No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ജ്യാമിതീയ രൂപങ്ങൾ ചുറ്റുപാടുമുള്ള വസ്തുക്കളിൽ നിന്നും ത്രിമാന രൂപങ്ങൾ കണ്ടെത്തുന്നതിന് | • ഗണിതരൂപങ്ങൾ വരയ്ക്കൽ (ചതുരം, ത്രികോണം, സമചതുരം, വൃത്തം)<br>• ചതുരത്തിന്റെയും സമചതുരത്തിന്റെയും പ്രത്യേകതകൾ കണ്ടെത്തൽ.<br>• ഗണിതരൂപങ്ങൾ കൊണ്ട് ചിത്രങ്ങൾ ഉണ്ടാക്കൽ | Two weeks | ജ്യാമിതീയ-രൂപങ്ങൾ ഘനരൂപങ്ങൾ. | അധ്യാപിക |
| 2. | എണ്ണാം, പറയാം. സംഖ്യാബോധം, സ്ഥാനവില | • അബാക്കസ് നിർമ്മാണം<br>• സംഖ്യാ റിബൺ<br>• പാറ്റേൺ പൂർത്തിയാക്കൽ<br>• സംഖ്യാ വ്യാഖ്യാനം<br>• അബാക്കസ് – സംഖ്യകൾ ഉരിക്കൽ.<br>• അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.<br>• ഉല്ലാസഗണിതം - കളികൾ | Three weeks | ചാർട്ട്, അബാക്കസ്. സംഖ്യാകാർഡ്. | |
| 3. | കൂട്ടാം, കുറയ്ക്കാം | • കച്ചവടക്കളി<br>• മണികണക്കാക്കി ഉത്തരം കണ്ടെത്തൽ.<br>• സംഖ്യാചക്രം.<br>• Ten frame | 1 Month. | ചാർട്ട്, സംഖ്യാകാർഡ്. ഡൈസ്, സംഖ്യാചക്രം | |

| SL No. | Programme | Activity | Duration | [illegible] |
|---|---|---|---|---|
| 4. | സമയചക്രം. | • ക്ലോക്ക് നിർമാണം<br>• ഓട്ട മത്സരം സമയം കണക്കാക്കൽ<br>• സ്കൂൾ സമയം.<br>• നടത്ത മത്സരം<br>• നടക്കാം, സമയം നോക്കാം<br>• കലണ്ടർ കണക്ക് | 3 weeks | ക്ലോക്ക്, കലണ്ടർ, സ്റ്റോപ്പ്-വാച്ച്. |
| 5. | ചതുഷ്ക്രിയകൾ ഉറപ്പാക്കുന്നതിന്, ക്രിയകൾ ഉപയോഗപ്പെടുത്തി പ്രശ്ന പരിഹാരം നടത്തുന്നതിന്. | • കച്ചവടക്കളി<br>• മനക്കണക്കായി ഉത്തരം കണ്ടെത്തൽ<br>• കണക്ക് പെട്ടി<br>• വൈദ്യുതി ബില്ല് | 1 Month | കളിനോട്ട്, കളിനാണയം, കച്ചവട-ക്കളിക്കുള്ള സാധനങ്ങൾ. |
| 6. | നാണയങ്ങൾ, നോട്ടുകൾ. നാണയങ്ങളും നോട്ടുകളും പരിചയപ്പെടുത്തുന്നതിന് നോട്ടുകളുടെയും നാണയങ്ങളുടെയും സഹായത്തോടെ സംഖ്യകളെ വ്യാഖ്യാനിക്കുന്നതിന്. | • കളിനോട്ടുകൾ<br>• കളിനാണയങ്ങൾ | 2 weeks. | |

| SL No. | Programme | Activity | Duration | ഭൗതിക | [illegible] |
|---|---|---|---|---|---|
| 7. | നീളവും ഭാരവും | • മഴയുടെ അളവ് - മഴമാപിനി<br>• പത്രം പരിശോധിച്ച് കോളങ്ങൾക്കിടയിലുള്ള അകലം കണ്ടെത്തൽ<br>• ഉള്ളളവ് കണ്ടെത്തൽ. | 1 Month | ത്രാസ്, അളവു പാത്രങ്ങൾ മഴമാപിനി | |
| 8. | നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിന്. | • ചതുഷ്ക്രിയകൾ വരുന്ന പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്തൽ.<br>• സ്കൂളിലെയും വീട്ടിലെയും ഗണിതാശയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ. | 1 Month. | ബില്ലുകൾ, | |
| 9. | ഗണിതപസിലുകൾ കൈകാര്യം ചെയ്യൽ, യുക്തിചിന്ത വളർത്തുന്ന ചോദ്യങ്ങൾ നിർമിക്കലും നിർധാരണം ചെയ്യലും. | • മാസികകളിലും പത്രങ്ങളിലും മറ്റും വരുന്ന ഗണിത പസിലുകൾ ശേഖരിക്കുന്നു. യുക്തി കണ്ടെത്തി നിർധാരണം ചെയ്യുന്നു.<br>• മനക്കണക്കായി ഉത്തരം കണ്ടെത്തുന്നതിന് ക്ലാസിൽ ചോദ്യോത്തര പയറ്റ് / ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ. | 1 Month. | പസിലുകൾ, പ്രശ്നോത്തരികൾ. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - അറബിക്

## 2025 - 26

### ആമുഖം

ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെ Listening Speaking Reading. Writing എന്നീ നാല് ഭാഷാ ശേഷികൾ പ്രാഥമികവും പ്രധാനവുമായ ഒരു അടിത്തറ ഉണ്ടാക്കാൻ കുട്ടികൾക്ക് ആവശ്യമായ ആസൂത്രണങ്ങളാണ്. ഈ മാസ്റ്റർ പ്ലാനിൽ രൂപപ്പെടുത്തിയിട്ടുള്ളത്. ഭാഷ സ്വതന്ത്രമായി ഉപയോഗിച്ചുള്ള അതുവഴി കുട്ടികളിൽ ആത്മവിശ്വാസം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഭാഷാ പഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്ന ശ്രമങ്ങൾ എന്നതും പ്രധാനമാണ്.

ഭാഷാ പഠനത്തിൽ ആർജ്ജിത ശേഷികൾ കൈവരിക്കുന്നതിനും അറബി ഭാഷാ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനാണ് ഈ മാസ്റ്റർ പ്ലാൻ ഊന്നൽ നൽകിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

* സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പ് വരുത്തുക
* ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷാ പഠനവും ഒഴുക്കോടെ സംസാരിക്കാനുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.
* കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പ് വരുത്തുക.
* വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കാനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക.
* ഭാഷാ പഠനത്തിൽ ഐ.ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.
* സർഗ്ഗ കഴിവുകൾ ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കുക.
* ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങളും കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
* ഉൾചേർന്ന വിദ്യാഭ്യാസം അനുഭവങ്ങളിലൂടെ നടത്തുക.

| പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|
| 3. എഴുത്തു വസന്തം<br>* എഴുത്തു കൂട്ടം<br>* പതിപ്പ് നിർമ്മാണം<br>* ക്ലാസ് മാസിക നിർമ്മാണം<br>* വായനാ കാർഡ് നിർമ്മാണം<br>* ചുവർ പത്രങ്ങൾ | 1 വർഷം | അസംബ്ലി<br>ചാർട്ടുകൾ<br>കളർ<br>പത്രങ്ങൾ | PTA<br>BRC |
| 4. അറബിക് കമ്യൂണിക്കേഷൻ<br>* ആശയ വിനിമയ വേദി (ക്ലാസ്തലം, സ്കൂൾ തലം)<br>* അറബിക് മേള (മോണോ ആക്ട്, പ്രസംഗം സംഭാഷണം)<br>* ഭാഷാ കളികൾ, അറബിക് അസംബ്ലി<br>* ഭാഷാ പ്രദർശനം | 1. വർഷം | ICT<br>പുസ്തകങ്ങൾ | |
| 5. ദിനാചരണങ്ങൾ<br>* സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുക. | | | |

| പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|
| 1. വിജയവിന്റെ വഴിയിൽ<br>* പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക.<br>* മുന്നറിവ് പരിശോധിക്കൽ<br>* അക്ഷരങ്ങൾ ഉറപ്പിക്കൽ<br>* വാചകങ്ങൾ നിർമ്മിക്കൽ<br>* ഭാഷാ കളികൾ<br>* അറബിക് കാലിഗ്രഫി | 2. മാസം | പുസ്തകങ്ങൾ<br>വർക്ക് ഷീറ്റുകൾ<br>ICT | BR·C<br>SMC<br>PTA |
| 2. വായനാ വസന്തം<br>* വായനാ മത്സരം<br>* ചിത്ര കഥ (അറബിക്)<br>* കഥ പുസ്തകം (അറബിക്)<br>* ക്ലാസ് ലൈബ്രറി<br>* അറബിക് ക്വിസ്<br>* വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കൽ<br>* ചെറിയ വിവരണ ബുക്കുകൾ | 6. മാസം | സ്കൂൾ ലൈബ്രറി<br>ക്ലാസ് ലൈബ്രറി<br>പുസ്തകങ്ങൾ | BRC<br>SMC<br>PTA |

## അക്കാദമിക മാസ്റ്റർ പ്ലാൻ - പരിസരപഠനം.

പ്രപഞ്ചത്തെക്കുറിച്ചുള്ള പരീക്ഷണാത്മകമായ സിദ്ധാന്തങ്ങളുടെയും പ്രവചനങ്ങളുടെയും രൂപത്തിൽ അറിവ് നിർമ്മിക്കുകയും ക്രമീകരിക്കുകയും ചെയ്യുന്ന ഒരു വ്യവസ്ഥാപിത ശാസ്ത്രമാണ് 'ശാസ്ത്രം.' ലോകത്തെക്കുറിച്ചുള്ള ജിജ്ഞാസയും പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ആഗ്രഹവും കൊണ്ട് പ്രചോദിതരായ ശാസ്ത്രജ്ഞരുടെ ഗവേഷണത്തിലൂടെയാണ് ശാസ്ത്രത്തിലെ പുതിയ അറിവ് വികസിക്കുന്നത്. നിർമ്മിക്കപ്പെടുന്ന ഓരോ അറിവും പുതിയ അന്വേഷണത്തിലേക്കുള്ള ചവിട്ടുപടിയായി മാറുന്നു. പരിസരപഠനത്തിൽ ശാസ്ത്രത്തിനും സാമൂഹ്യ പഠനത്തിനും ഒരു നാണയത്തിന്റെ ഇരുവശങ്ങളെന്നപോലെ പ്രാധാന്യമുണ്ട്. സാമൂഹിക ജീവിതത്തിൽ കുട്ടി തന്റെ പങ്ക് എത്രത്തോളമുണ്ടെന്നും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യബന്ധം എങ്ങനെ നിലനിൽക്കുന്നു എന്നും മനസ്സിലാക്കുന്നു. ശാസ്ത്രലോകത്തിലേക്ക് ചുവട്‌വെയ്ക്കുന്ന ഓരോ കുട്ടിയും നേരിടുന്ന പഠനപ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്താനുള്ള ശ്രമമാണ് ഈ പ്രവർത്തനത്തിലൂടെ പറയുന്നത്.

# ലക്ഷ്യങ്ങൾ

## 1. നിരീക്ഷണം

കുട്ടിക്ക് തന്റെ ചുറ്റുപാടിനെയും ജീവജാലങ്ങളെയും ഇന്ദ്രിയാനുഭവത്തിലൂടെ തിരിച്ചറിയാൻ നിരീക്ഷണത്തിലൂടെ സാധിക്കുന്നു.

## 2. വർഗീകരണം.

വിവരങ്ങൾ ശേഖരിക്കാനും അവയെ ജീവനുള്ളത്, ഇല്ലാത്തത്, കരയിൽ ജീവിക്കുന്നവ, നാര് വേര്, തായ്‌വേര് തുടങ്ങിയ വിവിധ മേഖലകളിൽ പട്ടികപ്പെടുത്താൻ - കഴിയുന്നു.

## 3. ആശയം വിനിമയം ചെയ്യൽ

കുട്ടി തന്റെ പരിസരത്തെക്കുറിച്ച് ചിത്രീകരണത്തിലൂടെയോ എഴുത്തിലൂടെയോ വാചികമായോ മാതൃകാ നിർമ്മാണത്തിലൂടെയോ പ്രകടമാക്കുന്നു. ഈ ലക്ഷ്യം പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടിക്ക് വളരെയധികം സഹായകമാകുന്നു.

## 4. അളക്കൽ

പാഠഭാഗങ്ങളിൽ നൽകുന്ന പരീക്ഷണങ്ങളിൽ വിവിധ അളവുകളും ഊഹങ്ങളും നടത്തുന്നതിലൂടെ കുട്ടിക്ക് മനക്കണക്കായി എത്രത്തോളം ആവശ്യമാണെന്ന് തിരിച്ചറിയാൻ കഴിയുന്നു.

# പരിസരപഠനം - പ്രശ്നങ്ങൾ

## 1. അക്കാദമികം

* 2, 3, 4 ക്ലാസുകളിലെ കുട്ടികൾക്ക് പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.
* കുട്ടികൾക്ക് സ്വയം പ്രശ്നപരിഹാരത്തിന്റെ ഭാഗമായി പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ രൂപീകരിക്കാനും കഴിയുന്നില്ല.
* ശാസ്ത്രമനോഭാവം എല്ലാ കുട്ടികളിലും വികസിക്കുന്നതിൽ പരിമിതികളുണ്ട്.
* പഠന പ്രവർത്തനങ്ങളുടെ ബാഹുല്യം, പഠനസമയത്തിന്റെ കുറവ്, ഐ.സി.ടി. അധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ ആസൂത്രണത്തിലെ പരിമിതി - എന്നിവ കുട്ടികളുടെ പഠനനേട്ടം ഉറപ്പുവരുത്തുന്നതിൽ തടസ്സമാകുന്നു.
* 'പ്രകൃതി ഒരു പാഠപുസ്തകം' എന്ന ആശയം ഉൾക്കൊണ്ട് പഠനാനുഭവങ്ങൾ നൽകാൻ കഴിയുന്നില്ല.

## 2. സാമൂഹികം

* പ്രാദേശികമായ ശാസ്ത്ര പ്രതിഭകളെയും പൂർവ്വ അധ്യാപകരെയും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.

3. ഭൗതികം

- പരിസരപഠനത്തിന് സഹായകമായ ക്ലാസ്മുറികളുടെ അഭാവം.
- കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ ലാബ് സൗകര്യമില്ല.
- ക്ലാസ് മുറികളിൽ ഐ·സി·ടി അധിഷ്ഠിത പഠനത്തിന് അനുയോജ്യമായ സാഹചര്യമില്ല.

# പ്രശ്നം പരിഹരിക്കൽ (മേഖല)

2,3,4 ക്ലാസുകളിലുള്ള കുട്ടികൾക്ക് പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.

| കാരണം | പരിഹാര നിർദ്ദേശം | പദ്ധതി /പ്രവർത്തനം. |
|---|---|---|
| കുട്ടികൾ<br>• അടിസ്ഥാന ആശയങ്ങളിൽ ഉള്ള ധാരണക്കുറവ്.<br>• പഠനം ബുദ്ധിമുട്ടാണെന്ന മുൻവിധി.<br>• ആശയങ്ങൾ പ്രയോഗിക്കാൻ അവസരമില്ല.<br>• സ്വയം പഠനത്തിന് അവസരം കുറയുന്നു. | * പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ നില നിർണ്ണയിക്കൽ.<br>* ക്ലാസിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ടെസ്റ്റ് തയ്യാറാക്കുക.<br>* ക്ലാസ്മുറിയിൽ പഠനത്തിനാവശ്യമായ സംഘപഠനം, ഐസിടി തുടങ്ങിയവ സജ്ജീകരിക്കൽ.<br>* സംഘപഠനം സ്വയം പഠനം എന്നിവക്ക് അവസരം ഒരുക്കൽ.<br>* നിരന്തരമൂല്യനിർണ്ണയം പാഠഭാഗവുമായി ബന്ധപ്പെടുത്തൽ. | 'മുന്നൊരുക്കം'<br>1. പ്രീടെസ്റ്റ്<br>2. പരിഹാരബോധനം.<br>'ഒന്നായ് ചേരാം'<br>1. ലോക്കൽ ടെസ്റ്റ്<br>2. പഠനഗ്രൂപ്പ്<br>3. പാഠാസൂത്രണം.<br>4. ജൈവവൈവിധ്യ പാർക്ക്<br>'മികവിലേക്ക്'<br>1. ഹൈടെക് ക്ലാസ്റൂം<br>2. മൂല്യനിർണ്ണയ ചോദ്യങ്ങൾ<br>3. പഠനസമയം. |
| അദ്ധ്യാപകർ<br>• വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികൾ. | * പാഠപുസ്തകത്തെ മികച്ച രീതിയിൽ ആസൂത്രണം ചെയ്യൽ. | 'കുട്ടിയോടൊപ്പം വീട്ടിലേക്കും'<br>1. മെഡിക്കൽ ചെക്കപ്പ്.<br>2. പ്രാദേശിക പി.ടി.എ. |

| | | |
|---|---|---|
| • വ്യക്തിഗത ശ്രദ്ധക്കുള്ള സമയക്കുറവ്.<br>• ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത. | * എല്ലാ ക്ലാസ്മുറികളിലും പഠനത്തിനാവശ്യമായ സജ്ജീകരണമൊരുക്കൽ (ഐ.സി.ടി)<br>* കുട്ടികൾക്ക് ക്ലാസ്മുറി പഠനാവശ്യത്തിനായി പൂർണ്ണമായും ലഭിക്കൽ. | |
| <u>സംവിധാനം</u><br>• ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത.<br>• അക്കാദമിക വിഭാഗത്തെ അഡ്മിനിസ്ട്രേറ്റീവ് മേഖലയിൽ ഉപയോഗിക്കാതിരിക്കൽ. | * അധ്യാപകരെ ഇലക്ഷൻ പ്രവർത്തനങ്ങൾക്കും മറ്റ് അക്കാദമികേതര പ്രവർത്തനങ്ങൾക്കും ഉപയോഗപ്പെടുത്തുന്ന രീതി ഒഴിവാക്കൽ. | |
| <u>രക്ഷിതാക്കൾ</u><br>• കുട്ടികളുടെ പഠനനിലവാരം വിലയിരുത്താനോ മാർഗ്ഗനിർദ്ദേശം നൽകാനോ കഴിയുന്നില്ല.<br>• കുട്ടിയുടെ കഴിവ് തിരിച്ചറിയാൻ കഴിയുന്നില്ല.<br>• കുട്ടിയുടെ പ്രശ്നങ്ങളെ വേണ്ടവിധം കൈകാര്യം ചെയ്യാൻ കഴിയുന്നില്ല. | * ആവശ്യമായ കുട്ടികൾക്ക് വേണ്ടത്ര കൈത്താങ്ങ് നൽകൽ.<br>* കൗൺസിലിംഗ്, മെഡിക്കൽ ചെക്കപ്പുകൾ എന്നിവ ശക്തിപ്പെടുത്തുന്നു.<br>* പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം എന്നിവ ഒരുക്കൽ. | * മെഡിക്കൽ ചെക്കപ്പ്<br>* പി.ടി.എ |

| Sl No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | സസ്യജാലകം<br>സസ്യങ്ങളുടെ വേര്, ഇല, തണ്ട്, കായ, പൂവ് എന്നിവ ഉൾപ്പെടുത്തി പ്രദർശനം. | പ്രദർശനം<br>വിവിധഭാഗങ്ങളുടെ പ്രത്യേകത പ്രദർശിപ്പിക്കാൻ. | വർഷത്തിൽ ഒന്ന്. | ശേഖരണ വസ്തുക്കൾ, ക്ലാസ്റൂം. | മുഴുവൻ അധ്യാപകരും - സയൻസ് ക്ലബ്ബ് |
| 2. | തോട്ടത്തിലെ കൂട്ടുകാർ<br>കുട്ടികളുടെ പങ്കാളിത്തത്തോടെ സ്കൂളിൽ തോട്ടം നിർമ്മിക്കാൻ. | തോട്ട നിർമ്മാണം<br>കുട്ടികളെ ഗ്രൂപ്പാക്കി പ്രവർത്തനം നൽകൽ. ഓരോ ദിവസവും ഓരോരുത്തർ വീതം പരിചരിക്കൽ. | 3 വർഷം - തുടർച്ച. | സ്ഥലം. | പി.ടി.എ. സയൻസ് ക്ലബ്ബ് |
| 3. | പ്രകൃതിയെ അറിയാൻ<br>വയലുകൾ മണ്ണിട്ട് നികത്താൻ കുന്നിടിക്കൽ തുടങ്ങിയ പ്രകൃതി ചൂഷണത്തിന് വിധേയമായ സ്ഥലങ്ങൾ സന്ദർശിക്കാൻ. | ഫീൽഡ് ട്രിപ്പ്<br>സ്കൂൾ പരിസരത്തെ പഞ്ചായത്തിലും പ്രകൃതിചൂഷണത്തിന് വിധേയമായ വയൽ, കുന്ന് തുടങ്ങിയവ സന്ദർശിക്കാൻ. | 1 വർഷം | നോട്ട്ബുക്ക്. | സി.പി.ടി.എ. ഹെഡ്മാസ്റ്റർ. |
| 4. | ഇരപിടിയന്മാർ<br>ഐ.സി.ടി യുടെ സഹായത്താൽ വിവിധ ജീവികളുടെ ഇരപിടിക്കുന്ന രീതികൾ - കാണിക്കുന്നു. | ഐ.സി.ടി<br>വ്യത്യസ്ത തരത്തിലുള്ള ജീവികൾ ഇരപിടിക്കുന്നത് വീഡിയോ കാണിക്കൽ. | സമയ പരിധി ഇല്ല. | ഐ.സി.ടി. ക്ലാസ്റൂം. | ക്ലാസ് ടീച്ചർ. |

| | | | | | |
|---|---|---|---|---|---|
| 5. | <u>ഡ്രൈ ഡേ</u> | ആഴ്ചയിൽ ഒരു ദിവസം നിർബന്ധമായി ഡ്രൈ ഡേ ആചരിക്കൽ. | സമയപരിധി-ഇല്ല. | ശുചീകരണ ഉപകരണങ്ങൾ | ക്ലാസ് ടീച്ചർ, ഹെഡ്മാസ്റ്റർ. |
| 6. | <u>മിതമായി മാത്രം</u><br>ICT കൂടെ സഹായത്തോടെ ഭക്ഷണം ലഭിക്കാത്തവരുടെ ദുരിതം കാണിക്കുന്നു. പോസ്റ്റർ നിർമ്മാണം. | ഭക്ഷണം ലഭിക്കാതെ വരാൻ ഇടയാക്കുന്ന പ്രശ്നങ്ങൾ വീഡിയോ പ്രദർശനം. ഭക്ഷണം പാഴാക്കരുത് പോസ്റ്റർ നിർമ്മിക്കൽ. | 2 വർഷം. | സ്മാർട്ട് ക്ലാസ്സ് | ക്ലാസ് ടീച്ചർ. |
| 7. | <u>ഫീൽഡ് ട്രിപ്പ്</u><br>വിവിധതരം വസ്ത്രങ്ങൾ നിർമ്മിക്കുന്ന വ്യവസായശാലകൾ, നെൽകൃഷിയിടം. | <u>ഫീൽഡ് ട്രിപ്പ്</u><br>തുണിവ്യവസായശാല, അരി വേർതിരിച്ചെടുക്കൽ, തുടങ്ങിയ വിവിധ ജോലികൾ ചെയ്യുന്നത് നേരിട്ട് കാണൽ. | 2 വർഷം. | വ്യവസായശാലകൾ. | സി.പി.ടി.എ, ഹെഡ്മാസ്റ്റർ |
| 8. | <u>നിരീക്ഷണം</u><br>ചിത്രശലഭത്തിന്റെ വളർച്ചാഘട്ടങ്ങൾ നേരിട്ടുള്ള നിരീക്ഷണം കുറിപ്പ് തയ്യാറാക്കൽ. | മുട്ട → പുഴു → പ്യൂപ്പ → ശലഭം ഘട്ടങ്ങൾ നിരീക്ഷിക്കൽ, കുറിപ്പ് തയ്യാറാക്കൽ. | 1 മാസം | ചിത്രശലഭം നോട്ട്ബുക്ക് | ക്ലാസ് ടീച്ചർ. |
| 9. | <u>പ്രോജക്ട്</u><br>വളർച്ചാഘട്ടം വിശദീകരിക്കൽ. | | 2 മാസം. | | |

| | | | | | |
|---|---|---|---|---|---|
| 10 | സസ്യനിരീക്ഷണം | കരയിൽ ജീവിക്കുന്നവ, വെള്ളത്തിൽ ജീവിക്കുന്നവ.<br>ഫീൽഡ് ട്രിപ്പ്<br>കുളം, വയൽ എന്നിവ നിരീക്ഷിക്കൽ പട്ടികപ്പെടുത്തൽ.<br>ചർച്ച (ജലത്തിലും കരയിലും ജീവിക്കുന്ന ജീവികൾക്ക് അനുയോജ്യമായ സവിശേഷതകളുണ്ട്).<br>പട്ടികപ്പെടുത്തൽ<br>അജീവിയ ഘടകങ്ങൾ ജലജീവികളുടെ (പാത്രങ്ങൾ, കടലാസു-കൊണ്ട് മീൻ നിർമ്മാണം. | പാഠം എടുക്കുന്ന ദിവസം<br>1 ദിവസം. | അനുയോജ്യമായ സ്ഥലം. | ഹെഡ്മാസ്റ്റർ, സി.പി.ടി.എ, ക്ലാസ് ടീച്ചർ. |
| 11. | പ്രോജക്ട് | സസ്യങ്ങളുടെ ഇലകളിലെ സിരാവിന്യാസവും, വേര്, ബീജപത്രങ്ങളുടെ എണ്ണവും തമ്മിലുള്ള ബന്ധം.<br>പ്രോജക്ട് ആസൂത്രണം<br>ചുറ്റുമുള്ള സസ്യങ്ങൾ തിരഞ്ഞെടുക്കണം. ദ്വിബീജ പത്രമുള്ളവ, ഏകബീജപത്രമുള്ളവ തരംതിരിക്കൽ / പട്ടികപ്പെടുത്തൽ - വിവരശേഖരണം. | 1 മാസം. | ലൈബ്രറി ക്ലാസ് ടീച്ചർ. | റഫറൻസ് പുസ്തകങ്ങൾ :<br>1. സസ്യലോകത്തെ വിശേഷങ്ങൾ.<br>2. സസ്യലോകത്തെ അത്ഭുതങ്ങൾ.<br>3. കുട്ടികളുടെ സയൻസ് പ്രോജക്ട്. |

| | | | | | |
|---|---|---|---|---|---|
| | | പട്ടിക ക്രോഡീകരിക്കൽ , നിഗമനം - രൂപീകരിക്കൽ, അവതരണം, റി- പ്പോർട്ട് തയ്യാറാക്കൽ, റിപ്പോർട്ട് അവതരണം. | | | |
| 12 | സ്വാതന്ത്ര്യത്തിന്റെ നാൾവഴി- കളിലൂടെ | ICT യുടെ സഹായത്തോടെ സ്വാ- തന്ത്ര്യസമരവുമായി ബന്ധപ്പെട്ട - വീഡിയോ പ്രദർശനം.<br>കുറിപ്പ് തയ്യാറാക്കൽ, ചിത്രവാക്യ, മുദ്രാവാക്യങ്ങൾ നിർമ്മിക്കൽ. | 3 വർഷം | ഐ.സി.ടി.<br>സ്വാതന്ത്ര്യസമര ചരിത്രം,<br>സി.ഡി. | ക്ലാസ് ടീച്ചർ. |
| 13 | പക്ഷിനിരീക്ഷണം | ഫീൽഡ് ട്രിപ്പ്<br>പക്ഷികളുടെ വാസസ്ഥലം,<br>കൂടുകളുടെ പ്രത്യേകതകൾ മന- സ്സിലാക്കൽ.<br>പക്ഷികളുടെ വീഡിയോ പ്രദർശ- നം (ICT).<br>നിരീക്ഷണക്കുറിപ്പ്. | 1 വർഷം. | ചിത്രങ്ങൾ.<br>സി. ഡി.<br>നോട്ട്ബുക്ക്<br>വാസസ്ഥലം | സി.പി.ടി.എ<br>ഹെഡ്മാസ്റ്റർ<br>ക്ലാസ് ടീച്ചർ. |
| 14 | മലകളുടെ നാട് | ആൽബം തയ്യാറാക്കൽ, ആഘോ- ഷങ്ങളെക്കുറിച്ചുള്ള കുറിപ്പ് തയ്യാറാക്കൽ.<br>മലകളുടെ ദൃശ്യാവിഷ്കാരം,<br>നാടൻ കളികൾ പരിചയപ്പെടു- ത്തൽ. | 2 വർഷം. | ചിത്രങ്ങൾ.<br>സി. ഡി. | ക്ലാസ് ടീച്ചർ.<br>പി.ഇ. ടീച്ചർ. |

| | | | | | |
|---|---|---|---|---|---|
| 15 | ആകാശനിരീക്ഷണം | ഫീൽഡ് ട്രിപ്പ്<br>നക്ഷത്രബംഗ്ലാവ് സന്ദർശനം, ആകാശനിരീക്ഷണം, ശാസ്ത്രജ്ഞരിസ് [illegible], ചന്ദ്രനെ നിരീക്ഷിക്കൽ, നിരീക്ഷണക്കുറിപ്പ്. | 3 വർഷം. | നക്ഷത്രബംഗ്ലാവ്. | സി.വി.[illegible]<br>[illegible]<br>ക്ലാസ് ടീച്ചർ. |
| 16 | ലഘുപരീക്ഷണം | പരീക്ഷണം : 1<br>ദ്രവ്യത്തിന് സ്ഥിതി ചെയ്യാൻ സ്ഥലം ആവശ്യമാണ്.<br>പരീക്ഷണം : 2<br>ഖരവസ്തുക്കൾക്ക് നിശ്ചിത ആകൃതിയുണ്ട്.<br>പരീക്ഷണം : 3<br>ദ്രാവകത്തിന് ആകൃതിയില്ല.<br>വാതകത്തിന് ഭാരമുണ്ട്.<br>ജലത്തിന് മൂന്ന് അവസ്ഥകളുണ്ട്.<br>വായുവിലെ ജലബാഷ്പം തണുത്താൽ<br>പട്ടികപ്പെടുത്താൻ.<br>പട്ടിക ഉപയോഗിച്ച് നിഗമനത്തിലെത്താൻ | 3 വർഷം | ഗ്ലാസ്<br>ജലം<br>ബലൂൺ<br>പാത്രം | ക്ലാസ് ടീച്ചർ. |
| 17 | ഭൂപട നിർമ്മാണം. | സ്കൂൾ ഭൂപടം നിർമ്മിക്കൽ<br>ക്ലാസ്റൂം രേഖാചിത്രം തയ്യാറാക്കൽ<br>ദിക്കുകൾ അടയാളപ്പെടുത്താൻ<br>പഞ്ചായത്ത് ഭൂപടം തയ്യാറാക്കൽ<br>ജില്ലാ ഭൂപടം തയ്യാറാക്കൽ<br>സവിശേഷതകൾ അടയാളപ്പെടുത്തുന്നതിന് | 2 വർഷം | ചാർട്ട് | ക്ലാസ് ടീച്ചർ |

| | | | | | |
|---|---|---|---|---|---|
| 18 | അടുത്തറിയാം ഇന്ത്യയെ | ICT യുടെ സഹായത്തോടെ ഇന്ത്യയിലെ വിവിധ വേഷം, ഭാഷ, ഭൂപ്രകൃതി, ഭക്ഷണം, ആചാരങ്ങൾ എന്നിവ പരിചയപ്പെടൽ. | 1 വർഷം | ICT സൗകര്യമുള്ള ക്ലാസ്സ് | ക്ലാസ് ടീച്ചർ |
| 19. | സമ്പാദ്യങ്ങൾ | പ്രദർശനം, സ്റ്റാമ്പ്, വാർത്താവിനിമയ ഉപകരണങ്ങളുടെ ചിത്ര ശേഖരണം, ഫീൽഡ് ട്രിപ്പ്, വിവിധ വിനിമയരംഗത്തെ മാറ്റങ്ങൾ നിരീക്ഷിക്കൽ. | 3 വർഷം. | ക്ലാസുകൾ. ക്ലാസ്സും മ്യൂസിയം. | സി.പി.ടി.എ ഹെഡ്മാസ്റ്റർ ക്ലാസ് ടീച്ചർ. |
| 20. | ആരോഗ്യത്തോടെ | അഭിമുഖം - അപകടാവസ്ഥ തരണം ചെയ്യൽ, എന്തെല്ലാം മുൻകരുതൽ എടുക്കണമെന്ന് ഡോക്ടറുമായി അഭിമുഖം, ഫസ്റ്റ് എയ്ഡ് ബോക്സ് നിർമ്മാണം, ലഘുലേഖ നിർമ്മാണം, പ്രഥമ ശുശ്രൂഷ പരിശീലനം. | 1 വർഷം. | ഡോക്ടർ. ഫസ്റ്റ് എയ്ഡ് ബോക്സ്. ചിത്രങ്ങൾ | സി.പി.ടി.എ ഹെഡ്മാസ്റ്റർ. ക്ലാസ് ടീച്ചർ. |
| 21. | മുഖാമുഖം | അഭിമുഖം തയ്യാറാക്കൽ<br>പ്രാദേശിക ചരിത്രമറിയാൻ പ്രദേശത്തെ പ്രായം ചെന്നവരുമായി അഭിമുഖം നടത്തുന്നു. ഫീൽഡ് ട്രിപ്പ് - ചരിത്രത്തെക്കുറിച്ച് വ്യക്തമാക്കുന്ന മ്യൂസിയം, ശേഖരണം തുടങ്ങിയവ - സന്ദർശനം. നാടിനെ ഭരിക്കുന്ന ഭരണാധികാരികളുമായി അഭിമുഖം, പൊതുസ്ഥാപനങ്ങൾ സന്ദർശിക്കൽ - മുൻസിപ്പാലിറ്റി, പഞ്ചായത്ത്, ആശുപത്രി etc. | 1 വർഷം. | ചോദ്യങ്ങൾ. ശേഖരണം മ്യൂസിയം. | സി.പി.ടി.എ ഹെഡ്മാസ്റ്റർ ക്ലാസ് ടീച്ചർ. |

# പ്രവൃത്തി പരിചയം.

പ്രവർത്തനം: 1
പേര് : പ്രവൃത്തി പരിചയ ശില്പശാല
ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| നിർമ്മാണത്തിന്റെ കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ<br>നിർമ്മാണം: ചന്ദനത്തിരി, പാവ, ചോക്ക് | September | ക്ലാസ് ടീച്ചർ. |

പ്രവർത്തനം: 2
പേര്: പേപ്പർ ബാഗ് നിർമ്മാണം
ഉപമേഖല: പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 2. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമ്മാണ പരിശീലനം ആരംഭിക്കുക. | June- March | SSG |

പ്രവർത്തനം: 3
പേര്: ഒറിഗാമി
ഉപമേഖല : കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇതര വിഷയവുമായി പഠനവുമായി പ്രവൃത്തി പരിചയ അനുഭവത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ<br>പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | July | R.P |

# സർഗ വേദി.

പ്രവർത്തനം: 1
പേര്: സർഗവേദി
ഉപമേഖല: പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കലാഭിരുചി വളർത്തുക. (കുട്ടികളുടെ സർഗാത്മക കഴിവുകൾ) | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗ വേദി നടത്തൽ നേതൃത്വം: വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയും | CT SRG |

പ്രവർത്തനം: 2
പേര്: ടാലന്റ് ലാബുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക. | നൃത്തം, ആലാപനം, ചിത്രരചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസവും | SRG PTA |

പ്രവർത്തനം: 3
പേര്: പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കുവെക്കൽ | June–March | SRG CT. |